# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: ksaklm/p10/1417/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 04/09/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksaklm/p10/1417/2023 തീയ്യതി: 04/09/2023

# കൊല്ലം ജില്ലയിലെ പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-09-2022 മുതൽ 20-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 21-09-2022 മുതൽ 30-06-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽകുമാർ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 21-07-2023 | 31-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-07-2023 | 31-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത എസ്.എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി ശ്രീജ എസ്., അസ്സി.ഓഡിറ്റ് ഓഫീസർ

ശ്രീ.അരുൺജിത്ത് ജി., സീനി.ഗ്രേഡ് ഓഡിറ്റർ

ശ്രീ.സുനിൽകുമാർ യു.എസ്.,സീനി.ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.സി.ഉണ്ണികൃഷ്ണൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സീമ കെ. | സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ.വിജയ് വി. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.ശ്രീജിത്ത് എസ്. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അമൃത് എസ്.വിഷ്ണു | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01-04-2022 | 31-03-2023 |
| ശ്രീമതി പത്മജാദേവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി വിശാലക്ഷ്മി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.തോമസ്സ് | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീ.ശിഖിരാജ് | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ.അശ്വിൻ എ.എസ്. | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ഡോ.ടെൻസൺ എ. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീ.ജോബി കെ. | അസ്സി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.പ്രീത എൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ.ശിഖിൽരാജ് | വി.ഇ.ഒ. | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-4 |
| 6 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-5 |
| 7 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-6 |
| 8 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നിലൽ | 1-1-7 |
| 9 | ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല | 1-1-8 |
| 10 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഗ്രാന്റ് / ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതിഅവലോകനം | 1-5 |
| 15 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | റീട്ടെയിൽ റേഷൻഷോപ്പ് ഉടമകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല | 1-11 |
| 21 | സേവന ഉപനികുതി ഈടാക്കുന്നതിന്റെ സാധ്യത പരിഗണിക്കുന്നില്ല. | 1-12 |

| | | |
|---|---|---|
| 22 | റേഷൻ റീട്ടെയിൽ ഡിപ്പോകളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നില്ല | 1-13 |
| 23 | വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കിയില്ല | 1-14 |
| 24 | ഇ – ടെണ്ടർ ഫാറവില ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മാറ്റിയില്ല. | 1-15 |
| 25 | മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു | 1-16 |
| 26 | ഫൈൻ ഈടാക്കിയില്ല | 1-17 |
| 27 | മുൻകൂർ തുക നൽകിയെങ്കിലും ഹോമിയോ മരുന്ന് ലഭ്യമായില്ല. | 1-18 |
| 28 | ഹരിത കർമ്മ സേന പ്രവർത്തനാവലോകനം | 1-19 |
| 29 | ഇൻഷ്വറൻസ് കവറേജ് ഇല്ലാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയില്ല | 1-20 |
| 30 | പി.എം.എ.വൈ. വിഹിതം നൽകൽ (എസ്.സി.)-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-21 |
| 31 | ലൈഫ് ഭവന നിർമ്മാണം - ഒരു ഗഡു കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം തുടങ്ങിയില്ല. | 1-22 |
| 32 | ലൈഫ് ഭവന നിർമ്മാണം - 2018-19 ൽ കരാർ വച്ച് ഒരു ഗഡു തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം തുടങ്ങിയില്ല. തുക തിരികെ ഈടാക്കേണ്ടതാണ്. | 1-23 |
| 33 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ-രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-24 |
| 34 | സമഗ്ര നെൽകൃഷി വികസനം - കൃഷി നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല | 1-25 |
| 35 | റിടെൻഷൻ തുക തനത് ഫണ്ടിലേയ്ക്ക് മാറ്റിയില്ല, നികുതികളും അടവാക്കിയിട്ടില്ല | 1-26 |
| 36 | അനുവദിച്ച തുകകളുടെ കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല | 1-27 |
| 37 | കേരള വാട്ടർ അതോറിറ്റിയിൽ അധികമായി നിക്ഷേപിച്ച തുക തിരികെ ലഭ്യമാക്കേണ്ടതാണ് | 1-28 |
| 38 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ മുൻകൂർ നല്കിയ തുക വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ വാർഷിക കണക്കുകളിൽ ക്രമീകരിച്ചു. | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ പടിഞ്ഞാറെകല്ലട ഗ്രാമപഞ്ചായത്തിന്റെ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 30-06-2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 30-6-2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പടിഞ്ഞാറെകല്ലട ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിംഗ് . ഇൻവെസ്റ്റിംഗ് , ഫിനാൻസിംഗ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = ₹78,26,148/-

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40a-40b) = ₹24,71,910/-

### 1-1-3 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി

ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

(I) ആസ്തി രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം, ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(ii) വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ചിട്ടുള്ള അഡ്വാൻസ് തുകകളുടെ വിവരം രേഖപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(iii) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപ പ്രവൃത്തികൾക്കായി മുൻകൂർ നല്കിയ തുക വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ വാർഷികകണക്കുകളിൽ ക്രമീകരിച്ചിരിക്കുന്നു. ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിലെ ഹെഡിലെ ₹721,946/- ആണ് ക്രമീകരിച്ചിട്ടുള്ളത്.

## 1-1-4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല / ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. വസ്തുനികുതി വരവ്, കുടിശിക വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിലെ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നതിന് നടത്തിയ ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. വസ്തു നികുതി അക്രൂവൽ എൻട്രി യഥാസമയം രേഖപ്പെടുത്തിയിട്ടില്ല. 31-03-23 തീയതിയിൽ ഒരു എൻട്രി മാത്രമാണ് നടത്തിയിട്ടുള്ളത്.

## 1-1-6 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

വിവിധ ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രയർ പീരിയഡ് ഐറ്റംസ് ഇനത്തിൽ ഉൾപ്പെട്ട തുകകളുടെ ആധികാരികത കാണിക്കുന്ന ജേർണൽ വൗച്ചറുകൾ, അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-7 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ലഡ്ജർ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

## 1-1-8 ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല

താഴെ പറയുന്ന ട്രഷറിയിൽ പേയ്മെന്റ് ആകാത്ത ബില്ലുകൾ വെബ് സാംഖ്യ എ.സി.ആറിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. ആയതിനാൽ എ.സി.ആറിലെ ചെലവും ധനകാര്യപത്രിക ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം. | ഫണ്ട് ഇനം | എ സി ആർ പ്രകാരം ചെലവ് (സോഴ്സ് ഡിഡക്ഷൻ കൂടി പരിഗണിച്ച്) ₹ | ബിൽ നം./ തീയതി/ തുക |
|---|---|---|---|
| 1 | വികസന ഫണ്ട് ജന. | 1,38,61,000/- | 463/31.03.2023/ ₹260/- |
| 2 | വികസന ഫണ്ട് – എസ് സി പി | 1,14,20,000/- | 461/31.03.2023/ ₹84,629/-<br>462/31.03.2023/ ₹2,36,000/- |
| 3 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 50,31,999/- | 394/27.03.2023/ ₹3,000/-<br>447/30.03.2023/ ₹82,982/- |

## 1-1-9 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

കണ്ടിജൻസി ചെലവുകൾക്കായി മെയിന്റനൻസ് ഫണ്ട് നോൺറോഡ്-ൽ നിന്നും അഡ്വാൻസ് ഇനത്തിൽ അനുവദിച്ച ₹25,000/- ചെലവായി ഉൾപ്പെടുത്തി. 31.03.23 ന് യാതൊരു തുകയും ചെലവഴിച്ചില്ലായെങ്കിലും 2022-23 ലെ ചെലവിൽ തുക ഉൾപ്പെട്ടു.

## 1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 23/03/2022 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 06/03/2023 തീയതിയിലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,18,77,444/- രൂപ |
| വരവ് | 4,28,11,831/- രൂപ |
| ആകെ | 5,46,89,275/- രൂപ |
| ചെലവ് | 4,03,39,921/- രൂപ |
| നീക്കിയിരിപ്പ് | 1,43,49,354/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,47,143.5/-രൂപ |

** വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി.), വികസനഫണ്ട് (ടി.എസ്.പി.), ധനകാര്യ കമ്മീഷൻ വിഹിതം (ട്രഷറി), മെയിന്റനൻസ് ഗ്രാന്റ് (റോഡ്), മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) എന്നീ ഇനത്തിലുള്ള വരവ് തുകകൾ ഉൾപ്പെടുത്താതെയാണ് പഞ്ചായത്ത് റസീപ്റ്റ് & പേയ്മെന്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ സാമ്പത്തിക വിശകലനത്തിൽ പ്രസ്തുത തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 ഗ്രാന്റ് / ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,38,91,000/- | 1,38,91,000/- | 1,38,60,740/- | 30,260/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,14,20,000/- | 1,14,20,000/- | 1,10,99,371/- | 3,20,629/- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 55,78,000/- | 55,78,000/- | 4,00,145/- | 51,77,855/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 66,23,000/- | 66,23,000/- | 49,46,017/- | 16,76,983/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്- അൺടൈഡ്) - ട്രഷറി | 0 | 3,79,717/- | 3,79,717/- | 3,79,717/- | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്- അൺടൈഡ്) - ബാങ്ക് | 21,756/- | 21,25,000/- + 9010/- | 22,37,766/- | 20,30,884/- | 2,06,882/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) - ട്രഷറി | 0 | 5,89,243/- | 5,89,243/- | 0 | 5,89,243/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) - ബാങ്ക് | 7,33,019/- | 31,88,000/- | 39,21,019/- | 18,54,695/- | 20,66,324/- |

ജിഒ പ്രോജക്ട് പ്രകാരം സോഴ്സിൽ നിന്നും കുറവുചെയ്ത തുകകൾ എ.സി.ആർ.-ന്റെ വരവ്, ചെലവ് ഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത തുകകൾ വരവിൽ ഉൾപ്പെടുത്തിയിട്ടില്ലായെങ്കിലും ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനാവിഷ്കൃത / കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ലൈഫ് മിഷൻ- സംസ്ഥാന വിഹിതം | 38,90,685/- | 35,13,474/- + 1,05,766/- (പലിശ) | 75,09,925/- | 28,40,434/- | 46,69,491/- |
| കാവ് സംരക്ഷണം | 3,14,973/- | 0 | 3,14,973/- | 3,02,186/- | 12,787/- |
| ശുചിത്വ മിഷൻ | 10,97,790/- | 1,40,000/- | 12,37,790/- | 7,55,842/- | 4,81,948/- |
| സാക്ഷരത | 1854/- | 52/- | 1906/- | 0 | 1906/- |
| കുടുംബശ്രീ- സ്പെഷ്യൽ ഗ്രാന്റ് | 0 | 11,82,443/- + 4971/- (പലിശ) | 11,87,414/- | 11,82,443/- | 4,971/- |
| ഹെൽത്ത് ഗ്രാന്റ് -ഡയഗണോസ്റ്റിക് | 0 | 2,39,640/- | 2,39,640/- | 2,01,250/- | 38,390/- |
| ഹെൽത്ത് ഗ്രാന്റ് - റൂറൽ പിഎച്ച്സി | 0 | 1,11,570/- | 1,11,570/- | 98,664/- | 12,906/- |
| നാഷണൽ ആയുഷ് മിഷൻ | 0 | 5,00,000/- | 5,00,000/- | 0 | 5,00,000/- |
| അവാർഡ് - കേന്ദ്രഗവൺമെന്റ് | 0 | 15,33,986/- | 15,33,986/- | 3,300/- | 15,30,686/- |
| എംജി എൻആർ ഇജിഎസ് | 8,966/- | 5,35,73,786/- | 5,35,82,752/- | 5,35,81,611/- | 1,141/- |
| ഐസിഡിഎസ് | 6,34,481/- | 12,65,812/- | 19,00,293/- | 2,26,033/- | 16,74,260/- |
| ടി എസ് സി | 3,81,000/- | 0 | 3,81,000/- | 0 | 3,81,000/- |

## 1-5 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 13,55,01,562/- | 104 | 5,59,55,636/- | 57 | 11 | 79.86 |

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8,966/- | 14,28,330/- | 14,37,296/- | 14,36,155/- | 1,141/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,21,45,456/- | 5,21,45,456/- | 5,21,45,456/- | 0 |
| ആകെ | 8,966/- | 5,35,73,786/- | 5,35,82,752/- | 5,35,81,611/- | 1,141/- |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 23,18,400/- |
| വിധവാപെൻഷൻ | 84,90,000/- |
| വാർദ്ധക്യകാലപെൻഷൻ | 1,54,70,800/- |

| | |
|---|---|
| വികലാംഗപെൻഷൻ | 37,13,800/- |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.7.2023 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1000/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ILGMS രസീതി നൽകി സ്വീകരിക്കുന്നു. തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ടച്ചുമതലയുള്ളവർ ശ്രദ്ധിക്കുന്നുണ്ട്. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്.
സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
പദ്ധതി നടത്തിപ്പിൽ വർക്കിംഗ് കമ്മിറ്റികൾ മോണിറ്ററിംഗ് നടത്തുന്നില്ല .
തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.
അസ്സി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പശ്ചാത്തല മേഖലയിൽ നടപ്പാക്കിയ പദ്ധതികളിൽ ഒരേ ഇനം പ്രവൃത്തികൾക്ക് തന്നെ വ്യത്യസ്ത പൂർത്തീകരണ കാലയളവ് ഉൾപ്പെടുത്തി സാങ്കേതിക അനുമതി വാങ്ങിയിട്ടുണ്ട്. ആയത് മൂലം പ്രവൃത്തികൾ അനന്തമായി നീണ്ടുപോകുന്നതിനുള്ള സാധ്യതയുണ്ട്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവഹിക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24/01/2023 | 1/10/2022 – 31/12/2022 | 24/01/23 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10/12/2019 | 2014-15 To 2018-19 | 15/01/2020 |

## 1-11 റീട്ടെയിൽ റേഷൻഷോപ്പ് ഉടമകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റീട്ടെയിൽ റേഷൻഷോപ്പ് ഉടമകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല. ഒരു അർദ്ധവർഷക്കാലം 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്യുകയും 1996- ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടത്തിൽ അനുശാസിക്കുന്ന കുറഞ്ഞ വേതനം കൈപ്പറ്റുകയും ചെയ്താൽ നിയമാനുസൃതമായി നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷക്കാലം മുഴുവൻ പ്രവർത്തിക്കുകയും, സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം കൈപ്പറ്റുകയും ചെയ്യുന്ന റേഷൻഷോപ്പ് ഉടമകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്തത് പഞ്ചായത്തിന്റെ ഭാഗത്തുള്ള വീഴ്ചയാണ്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 തീയതിയിലെ

(സി.എസ്.)എ 9- 764/2019 സർക്കുലറിൽ റേഷൻകട ഉടമകളെ തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നികുതി ഈടാക്കുന്നതിന് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 7/29.07.2023

1-12 സേവന ഉപനികുതി ഈടാക്കുന്നതിന്റെ സാധ്യത പരിഗണിക്കുന്നില്ല.

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഏതൊരു കെട്ടിടവും സ്ഥിതി ചെയ്യുന്ന ഭൂമിയിലോ, സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്ക് പരിപാലനം, ഡ്രയിനേജ് എന്നിവ ഏർപ്പെടുത്തുന്നതിലേക്ക് വസ്തുനികുതിയുടെ 10% ൽ കുറയാതെ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ സേവനങ്ങൾക്കായി ഗ്രാമപ്പഞ്ചായത്തിൽ നിന്നും തുക ചെലവഴിക്കുന്നതിനാൽ കെ.പി.ആർ. ആക്ട് 207(1) പ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങൾ ഒഴികെ എല്ലാ കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിന്റെ സാധ്യത ഗ്രാമപ്പഞ്ചായത്ത് പരിശോധിക്കുന്നില്ല. 2022-23 സാമ്പത്തിക വർഷം ആകെ 21,46,955/-രൂപ വസ്തുനികുതി ഇനത്തിൽ (ലൈബ്രറി സെസ്സ് ഒഴികെ) ഈടാക്കിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ നിരക്കിൽ സേവന ഉപനികുതി ഈടാക്കിയാൽ തന്നെയും 2,14,695/-രൂപ ഈ ഇനത്തിൽ ലഭിക്കേണ്ടതായിരുന്നു. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൊതുടാപ്പുകൾ നിർത്തലാക്കുന്നതിനാലും, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി പ്രത്യേക ഫീസ് ഈടാക്കുന്നതിനാലും നിലവിൽ ഈ നിർദ്ദേശം പരിഗണിച്ചിട്ടില്ലെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്തിന്റെ ചെലവ് വർദ്ധിച്ച വരികയും വരുമാന വർദ്ധനവിന്റെ സാധ്യത കുറഞ്ഞു വരുകയും ചെയ്യുന്ന സാഹചര്യത്തിൽ സേവന ഉപനികുതി ഈടാക്കുന്നത് പരിശോധിക്കുന്നതിലേക്കായി ഈ നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പരിഗണനക്ക് വയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. – 8/29.07.2023

1-13 റേഷൻ റീട്ടെയിൽ ഡിപ്പോകളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ പട്ടിക 1 ക്രമനം 149 പ്രകാരം ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലുള്ള 14 റേഷൻകടകളും ലൈസൻസ് എടുത്തിട്ടില്ല. അപാകത ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് റേഷൻ കടകൾക്ക് നോട്ടീസ് നൽകി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് മറുപടി നൽകി. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 തീയതിയിലെ (സി.എസ്.)എ 9- 764/2019 സർക്കുലർ, പ്രകാരം റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഫീസ് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 7/29.07.2023.

1-14 വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കിയില്ല

ഗ്രാമപ്പഞ്ചായത്തുകളിലെ വസ്തുനികുതി നിരക്കുകൾ പരിഷ്കരിക്കുന്നതിന് 22.03.2023 ലെ ത.സ്വ.ഭ.വ.ന്റെ ജി.ഒ.(എം.എസ്) നം.77/2023 ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വർഷം തോറും അഞ്ചു ശതമാനം വീതം വർദ്ധനവ് 01.04.2023 തീയതി പ്രാബല്യത്തിൽ നടപ്പിലാക്കണമെന്നും, പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലും ഈടാക്കണമെന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ നാളിതുവരെ പൂർണ്ണമായും നടപ്പാക്കിയില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി 5% വർദ്ധനവ് വരുത്തി ഈടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. 01.04.2023 ന് ശേഷം പുതിയതായി നിർമ്മിച്ച കെട്ടിടങ്ങളിൽ നിന്നും നിലവിൽ പഴയ നിരക്കിലുള്ള നികുതിയാണ് ഈടാക്കി വരുന്നത്. പുതുക്കിയ നിരക്കി വിജ്ഞാപനം ചെയ്ത് അന്തിമമാക്കിയെങ്കിലും സഞ്ചയയിൽ

രേഖപ്പെടുത്താത്തതിനാൽ ഈ ഇനത്തിലും നികുതി ചോർച്ച ഉണ്ടാകുന്നു. നികുതി നിർണ്ണയം നടത്തിയ ശേഷം കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങളും പൂർണ്ണമായും ശേഖരിച്ചിട്ടില്ല. സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ പരിഷ്കരണ നടപടികൾ പൂർത്തിയാക്കുന്നതിന് ഗ്രാമപ്പഞ്ചായത്തിന് സാധിച്ചിട്ടില്ല.

## 1-15 ഇ – ടെണ്ടർ ഫാറവില ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മാറ്റിയില്ല.

ഇ – ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില എസ്.ബി.ഐയിൽ ആരംഭിച്ചിട്ടുള്ള അസി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് അടവാക്കി വരുന്നത്. ഈ അക്കൗണ്ടിന്റെ (00000067313018177) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 25-06-2023 ലെ നീക്കിയിരുപ്പ് 1,26,291/- രൂപയാണ്. ഈ തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മാറ്റി വിവരം അറിയിക്കേണ്ടതാണ്.

## 1-16 മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടപ്പാക്കിയ പ്രോജക്ടിൽ മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങുന്നതിനായി In House Drug Bank SAT Hospital ൽ അടവാക്കിയ 127039.50/-രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ഫണ്ടിനം. | In House Drug Bank SAT Hospital-ന് നൽകിയ തുക(രൂപ) | ബിൽ നം/തീയതി | In House Drug Bank SAT Hospital-. പ്രൊഫോർമ നം./തീയതി | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|
| 146/23 പാലിയേറ്റീവ് കെയർ-വികസന ഫണ്ട് (എസ്.സ്.പി) | 1,00,000/- | ബിൽ നം.32/ 19.01.2023 | PRF 9980@N/2023/11 തീയതി.13.01.2023 | 2039.50/- |
| 202/23 ഡയഗ്നോസ്റ്റിക് ആന്റ് ഇൻഫ്രാസ്ട്രക്ചർ-(ഹെൽത്ത് ഗ്രാന്റ്) | 25,000/- | സാംഗ്ഷൻ ഓർഡർ നം. 369/22.03.2023 | PRF 10598@N/2023/3 തീയതി.17.03.2023 | 25,000/- |
| 202/23 ഡയഗ്നോസ്റ്റിക് ആന്റ് ഇൻഫ്രാസ്ട്രക്ചർ-(ഹെൽത്ത് ഗ്രാന്റ്) | 1,00,000/- | സാംഗ്ഷൻ ഓർഡർ നം. 368/22.03.2023 | PRF 10597@N/2023/3 തീയതി.17.03.2023 | 1,00,000/- |
| ആകെ | | | | 1,27,039.50 /- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 1,27,039.50/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 1,27,039.50/-രൂപ

## 1-17 ഫൈൻ ഈടാക്കിയില്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ കരാർവെച്ച് സൈറ്റ് കൈമാറിയ തീയതി മുതൽ നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. കേരളാ പൊതുമരാമത്തു വകുപ്പ് മാന്വൽ

(2012-ൽ പുതുക്കിയത്) ഖണ്ഡിക 2112-1 പ്രകാരം ബന്ധപ്പെട്ട കരാറുകാർ കാലാവധി തീരുന്നതിന് മുമ്പ് നീട്ടിനൽകുന്നതിന് അപേക്ഷിക്കുകയോ, അവർക്ക് കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2116-1 പ്രകാരം കരാറുകാരനിൽ നിന്നും കരാർ തുകയുടെ 0.1% നിരക്കിൽ ഓരോ ആഴ്ചയ്ക്കും ലിക്വിഡേറ്റഡ് ഡാമേജ് എന്ന നിലയിൽ പിഴ ഈടാക്കേണ്ടതായിരുന്നു. ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ വിശദാംശം | പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പൂർത്തിയാക്കിയ തീയതി | കാലതാമസ മുണ്ടായ ആഴ്ചകളുടെ എണ്ണം | ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജ് |
|---|---|---|---|---|---|
| 1. | ആയുർവേദ ആശുപത്രിക്ക് ചുറ്റുമതിൽ (വാർഡ്5) (114/2023)<br>ഫണ്ടിനം. മെയിന്റനൻസ് ഫണ്ട്(റോഡിതരം)<br>ടി.എസ്. നം.87815/2021-22 തീയതി. 23.02.2022<br>കരാർ നമ്പർ.53/ എ.ഇ./ എൽ.എസ്.ജി.ഡി. /ഡബ്ല്യൂ.കെ. /2021-22 തീയതി. 26.03.2022<br>കരാറുകാരൻ : ശ്രീ. ഷാജി നവാസ്.<br>പി.എ.സി : 686619.22/-<br>കാലയളവ് : 6 മാസം<br>എം.ബുക്ക് നം. : 3/2022-23<br>ബിൽ നം 14/2022-23 തീയതി. 24.12.2022<br>ചെലവ് : 760816/-രൂപ | 25.09.2022 | 24.11.2022 | 8 (61 ദിവസം) | 686619.22*.1%*8 =₹5493/- |
| 2 | ടേക്ക് എ ബ്രേക്ക് (എസ്. ഒ.ഒ.30/23)<br>ഫണ്ടിനം : ധനകാര്യകമ്മിഷൻ അവാർഡ്, കേന്ദ്രാവിഷ്കൃതഫണ്ട്, സംസ്ഥാനാവിഷ്കൃതഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട്.<br>ടി.എസ്. നം.85905/2021-22 തീയതി. 19.02.2022<br>കരാർ നമ്പർ.48/എ.ഇ./ഡബ്ല്യൂ.കെ /എൽ.എസ്.ജി.ഡി. 2021-22 തീയതി. 22.03.2022<br>കരാറുകാരൻ : ശ്രീ. ഹാരിസ് എസ്.<br>പി.എ.സി : 1784978/-<br>കാലയളവ് : 6 മാസം<br>എം.ബുക്ക് നം. : 2,3,4/2022-23<br>ചെലവ്.<br>4,03,170/- | 21.09.2022 | 04.01.2023 | 105 ദിവസം(15 ആഴ്ച) | 1784978*.1%*15 =₹26,775/- |

| | | | | | |
|---|---|---|---|---|---|
| | (ചെക്ക് നമ്പർ 341626/25.06.2022)<br>1,05,914/-<br>(വൗച്ചർ നമ്പർ XVFC/2022-23/P/1 തീയതി. 06.07.2022)<br>5,76,830/-<br>(ചെക്ക് നമ്പർ 341628 തീയതി. 11.11.2022)<br>41,174/-<br>(ചെക്ക് നമ്പർ 303387തീയതി 2.12.2022)<br>4,20,000/-<br>(ചെക്ക് നമ്പർ 303928 തീയതി. 23.01.2023)<br>1,18,418/-<br>(ചെക്ക് നമ്പർ 303998 തീയതി. 4.2.2023) | | | | |
| | ആകെ | | | | 32,268/- |

ഫൈൻ ഇനത്തിൽ ലഭ്യമാകാനുള്ള 32,268/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. തുക ഒടുക്കാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്. വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നമ്പർ 3/2022-23 തീയതി. 25.07.2023

## 1-18 മുൻകൂർ തുക നൽകിയെങ്കിലും ഹോമിയോ മരുന്ന് ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടിൽ മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോയ്ക്ക് തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ (₹) | ചെലവ് തുക (₹) | ബിൽ നം./തീയതി |
|---|---|---|---|
| 7/23<br>ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ | 250,000/-<br>(മെയി. ഫണ്ട്-റോഡിതരം) | 250,000/- | 2/23-16.1.23 |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്.

എൻക്വയറി നം. 1/23 തീയതി 22/7/23

## 1-19 ഹരിത കർമ്മ സേന പ്രവർത്തനാവലോകനം

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചലനാത്മകത പകർന്നുകൊണ്ട് നടപ്പിലാക്കി വരുന്ന നൂതന സംരഭമാണ് ഹരിതകർമ്മ സേന. വീടുകളിൽ നിന്നും അജൈവ മാലിന്യം കൃത്യമായ ഇടവേളകളിൽ സ്വീകരിച്ച് അവ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ എത്തിക്കുന്നു. ഇവിടെ നിന്നും മാലിന്യം തരംതിരിച്ച് റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ അയയ്ക്കുന്നു. തുടർന്ന് തരംതിരിച്ച മാലിന്യം പുന:രുപയോഗം ചെയ്യാനുള്ള സംയോജനങ്ങൾ സാധ്യമാക്കുന്നു. സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/

2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്.

പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ 2018 മുതലാണ് ആരംഭിച്ചത്. ഗ്രാമപഞ്ചായത്തിൽ 14 വാർഡുകളിൽ രണ്ടംഗങ്ങൾ വീതം 28 ഹരിതകർമ്മ സേനാംഗങ്ങളാണ് പ്രവർത്തിക്കുന്നത്. 14 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഹരിത കർമ്മസേന കൃത്യമായി പ്രവർത്തിക്കുന്നുണ്ട്. യൂസർഫീയാണ് ഹരിത കർമ്മസേനയുടെ പ്രധാന വരുമാന മാർഗ്ഗം. യൂസർ ഫീയായി 2022-23 ൽ 8,83,476/- രൂപയാണ് ഹരിത കർമ്മ സേനയ്ക്ക് ലഭ്യമായത്. നിലവിൽ അംഗങ്ങൾക്ക് പ്രതിമാസം ശരാശരി 5,000/-രൂപ വേതനമായി നൽകുന്നുണ്ട്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം ഭവന സന്ദർശനം നടത്തിയും ചുവരെഴുത്ത്, അനൗൺസ്മെന്റ് എന്നിവയിലൂടെയും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നുണ്ട്. ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം കൂടുതൽ ആയതിനാൽ ലഭ്യമാകുന്ന വരുമാനത്തിൽ കുറവുണ്ട്. രണ്ട് പ്രാവശ്യം വയബിലിറ്റി ഗ്യാപ് ഫണ്ട് പഞ്ചായത്ത് നൽകിയിട്ടുണ്ട്.

യൂസർ ഫീ ഒടുക്കുന്നതിൽ പല കുടുംബങ്ങളും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ട്. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. നിലവിൽ യൂസർ ഫീ നൽകാത്തവർക്ക് നോട്ടീസ് നൽകുന്നുണ്ട്. ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് നിരോധിച്ച് കൊണ്ട് എല്ലാ വാർഡുകളിലും സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

എല്ലാ വാർഡുകളിലും മിനി എം.സി.എഫ്. സ്ഥാപിച്ചിട്ടില്ല. മൂന്ന് വാർഡുകളിലൊഴികെ സംഭരണ സൗകര്യാർത്ഥം വാർഡ് മെമ്പറുമാരുടെയും സേനാംഗങ്ങളുടെ ഭവനങ്ങളിലാണ് സ്ഥാപിച്ചത്. ഒരു എം.സി.എഫ്. ആറാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാ മാസവും ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യം വേർതിരിച്ച് എം.സി.എഫിലെ ബെയിലിംഗ് മഷീനിൽ ബെയിൽ ചെയ്ത് വൃത്തിയാക്കി ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നുണ്ട്. എം.സി.എഫിൽ സ്ഥല പരിമിതിയുണ്ട്. ഷ്രെഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല. എം.സി.എഫിന് ഫയർ ആന്റ് റസ്ക്യൂ ഡിപ്പാർട്ട്മെന്റിന്റെ നിരാക്ഷേപ സാക്ഷ്യപത്രം എടുത്തിട്ടില്ല. 2022-23 സാമ്പത്തിക വർഷം ഹരിത സംഗമം നടത്തുകയുണ്ടായി.

തൻവർഷം ഹരിത കർമ്മസേനയ്ക്കു വേണ്ടി ഗ്രാമപഞ്ചായത്തിൽ നിന്നും പ്രോജക്ട് വച്ച് വാഹന വാടക, യൂണിഫോം, ട്രോളി എന്നിവയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ട്. പതിനഞ്ചാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ 8.1 സി (7) പ്രകാരം ഹരിത കർമ്മ സേനയ്ക്ക് റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഫണ്ട്, ഇന്നവേഷൻ ഫണ്ട് എന്നിവ ലഭ്യമാക്കണം എന്നു നിർദ്ദേശിക്കുന്നുണ്ട്.

വീടുകളിൽ നിന്നും അജൈവ മാലിന്യം കൃത്യമായ ഇടവേളകളിൽ സ്വീകരിച്ച് അവ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ എത്തിക്കുന്നു. ഇവിടെ നിന്നും മാലിന്യം തരംതിരിച്ച് രണ്ട് മാസം കൂടുമ്പോൾ ആണ് ക്ലീൻ കേരളാ കമ്പിനി കൊണ്ടുപോകുന്നത്. ആയതിനാൽ മാലിന്യം സൂക്ഷിക്കുവാൻ സ്ഥലപരിമിതിയുണ്ട്.

നിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലും മിനി എം.സി.എഫ്. സ്ഥാപിക്കേണ്ടതാണ്.
2. ബെയ്ലിംഗ് യൂണിറ്റ് സ്ഥാപിക്കേണ്ടതും വാഹന സൗകര്യം ഉറപ്പാക്കേണ്ടതുമാണ്.
3. എ.സി.എഫുകളിൽ തരംതിരിക്കുന്ന മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ക്ലീൻ കേരളാ കമ്പിനി ഒരുക്കേണ്ടതാണ്.

## 1-20 ഇൻഷ്വറൻസ് കവറേജ് ഇല്ലാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയില്ല

2022-23 ൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും കോൺട്രാക്ട് തുകയുടെ 0.5% (മിനിമം 2,00,000/-, മാക്സിമം 5,00,000/-) ഇൻഷ്വറൻസ് കവറേജ് ആയി പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണ് .

താഴെ പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട്നമ്പർ/പേര് | കരാർ തുക (₹) | കരാറുകാരന്റെ പേര് | ഈടാക്കേണ്ട പിഴ |
|---|---|---|---|

| | | | |
|---|---|---|---|
| 160/2023<br>കോട്ടക്കുഴി മുക്ക്-കായൽവാരം റോഡ് നിർമ്മാണം | 243284.68/- | ജി.ബി.ശശികുമാർ | 243284.68 X0.2%<br>=₹486/- |
| കൃഷിഭവൻ മതിൽ മെയിന്റനൻസ്(എസ്. ഒ.157/23) | 407163.46/- | ശിവൻപിള്ള | 407163.46/- X 0.2%<br>=₹814/- |
| ആയുർവേദ ആശുപത്രി മെയിന്റനൻസ്<br>(എസ്. ഒ.168/2023) | 254038/- | ഷാജി നവാസ് | 254038/- X 0.2%<br>=₹508/- |
| പീടികയിൽ ഭാഗം കലുങ്ക് നിർമ്മാണം<br>(എസ്.ഒ.175/2023) | 178041.06 | ശിവൻപിള്ള | 178041.06 X0.2%<br>=₹356/- |
| നന്നുപുറം കലുങ്ക് നിർമ്മാണം(എസ്. ഒ.106/2023) | 176751.95 | ശിവൻപിള്ള | 176751.95 X0.2%<br>=₹353/- |
| ആകെ | | | ₹2,517/- |

ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയില്ല. ഫൈൻ ഇനത്തിൽ ഈടാക്കാനുള്ള തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ : 11/31.07.2023

## 1-21 പി.എം.എ.വൈ. വിഹിതം നൽകൽ (എസ്.സി.)-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

പ്രോജക്റ്റ് നം- 61/23

അടങ്കൽ തുക-11,20,000/-രൂപ (വികസനഫണ്ട്) (എസ്.സി.പി.)

ചെലവ് തുക-11,20,000/-രൂപ (വികസനഫണ്ട്) (എസ്.സി.പി.)

ബിൽ നം 3/22-23 തീ 22.5.22

മേൽ പ്രോജക്റ്റിൽ ഉൾപ്പെടുത്തി 11,20,000/-രൂപ പി.എം.എ.വൈ. ഭവനനിർമ്മാണ വിഹിതം നൽകുന്നതിനായി ശാസ്താംകോട്ട ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാക്കി 11,20,000/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക : 11,20,000/-രൂപ

## 1-22 ലൈഫ് ഭവന നിർമ്മാണം - ഒരു ഗഡു കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം തുടങ്ങിയില്ല.

2022-23 ൽ ലൈഫ് ഭവന നിർമ്മാണം പ്രോജക്റ്റിൽ ഉൾപ്പെടുത്തി കരാർ വച്ചിട്ടുള്ള താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഒരു ഗഡു തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം തുടങ്ങിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.
A. പ്രോജക്റ്റ് നം 49/23 (സ്പിൽ ഓവർ) എസ്.സി.
അടങ്കൽ തുക - 2,55,60,000/-രൂപ
(സംസ്ഥാനാവിഷ്കൃത ഫണ്ട്-66,94,685/-രൂപ
ബ്ലോക്ക് പഞ്ചായത്ത് വിഹിതം -16,80,000/-രൂപ
ജില്ലാ പഞ്ചായത്ത് വിഹിതം-15,00,000/-രൂപ
ഹഡ്കോ ലോൺ- 1,55,82,000/-രൂപ)
ചെലവ് തുക – 1,14,82,272/-രൂപ
(സംസ്ഥാനാവിഷ്കൃത ഫണ്ട് – 23,57,137/-രൂപ
ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 11,50,000/-രൂപ
ഹഡ്കോ ലോൺ – 79,75,135/-രൂപ)

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക(₹)/തീയതി | കരാർ വച്ചിട്ടുള്ള തീയതി |
|---|---|---|
| വസന്തകുമാരി, രമ്യാലയം<br>ഐത്തോട്ടുവ തെക്ക്, വാർഡ് 2 | 40,000/- (28.6.2022) | 01.03.2022 |

| | | |
|---|---|---|
| മണികണ്ഠൻ, അയിരൂർ വടക്കതിൽ, വാർഡ് 7 | 40,000/- (11.10.2022) | 07.10.2022 |
| സേതു, ശ്രുതിലയം, കോതപുരം, വാർഡ് 13 | 40,000/- (10.6.2022) | 10.01.2022 |

B. പ്രോജക്ട് നം 46/23 ലൈഫ് ഭവന നിർമ്മാണം (സ്പിൽ ഓവർ) എസ്. സി.

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി കരാർ വച്ചിട്ടുള്ള താഴെ പ്പറയുന്ന ഗുണഭോക്താക്കൾ ഒരുഗഡു തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം തുടങ്ങിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

അടങ്കൽ തുക-16,37,000/-രൂപ

(സംസ്ഥാനാവിഷ്കൃത ഫണ്ട്-1,37,000/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം-1,50,000/-രൂപ)

ചെലവ് തുക -1,70,000/-രൂപ

(സംസ്ഥാനാവിഷ്കൃത ഫണ്ട്-90,000/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം-80,000/-രൂപ)

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക/തീയതി | കരാർ വച്ചിട്ടുള്ള തീയതി |
|---|---|---|
| പ്രദീപ് പി, കളീലിൽ പുത്തൻവീട്, വാർഡ് 11 | 40,000/-(30.11.2022) | 19.09.2022 |
| രതീഷ് എം, രതീഷ് ഭവനം, വാർഡ് 9 | 40,000/-(30.11.2022) | 07.11.2022 |

മുകളിൽ പറഞ്ഞിരിക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം തുടങ്ങാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 10/31.7.23) യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ തുക കൈപ്പറ്റിയശേഷം ഇതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ലൈഫ് ഭവന നിർമ്മാണം - 2018-19 ൽ കരാർ വച്ച് ഒരു ഗഡു തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം തുടങ്ങിയില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

ലൈഫ് ഭവന നിർമ്മാണം 2018-19 സാമ്പത്തിക വർഷ പ്രോജക്ടിൽ ഉൾപ്പെടുത്തി കരാർ വച്ച് ഒരു ഗഡു തുക കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താവ് ഭവന നിർമ്മാണം തുടങ്ങിയിട്ടില്ല.

| ഗുണഭോക്താവ് പേര് | തുക കൈപ്പറ്റിയ തീയതി | കരാർ തീയതി |
|---|---|---|
| ശ്രീമതി. ഓമന, വെളിയത്ത് തെക്കതിൽ കണത്താർകുന്നം, വാർഡ് 2 | ₹40,000/-(12.07.2018) | 26.09.2018 |

ഈ ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/31.07.2023) മറുപടി ലഭ്യമാക്കിയില്ല. റവന്യൂ റിക്കവറി നടപടികളിലൂടെ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

A. സ്റ്റേജ് റിപ്പോർട്ടിംഗ് കൃത്യമായി ചെയ്യുന്നില്ല .

2022-23 ൽ വി.ഇ.ഒ. നിർവ്വഹണം നടത്തിയ ലൈഫ് ഭവനനിർമ്മാണം എസ്.സി, ജനറൽ, പ്രോജക്ടുകളിൽ ഭവനനിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകളുടെ സർട്ടിഫിക്കറ്റ്, പരിശോധന റിപ്പോർട്ട് ഇവ കൃത്യമായി ഫയലിൽ രേഖപ്പെടുത്തുന്നില്ല. ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗുണഭോക്താവ്, സ്റ്റേജ് റിപ്പോർട്ട് (അനുബന്ധം 4) നിർവ്വഹണ സ്ഥാപനത്തെ അറിയിക്കേണ്ടതാണ്. കൂടാതെ ഗുണഭോക്താവിന്റെ ഭവനനിർമ്മാണം (ബെയ്സ്മെന്റ്, ലിന്റൽ, മേൽക്കൂര, പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ) പൂർത്തീയാകുന്ന മുറയ്ക്ക് പരിശോധന റിപ്പോർട്ട് അനുബന്ധം 4 ൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കേണ്ടതുമാണ്.

B. 2022-23 സാമ്പത്തിക വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ പ്രോജക്ടുകളിൽ ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഓവർസിയർ നൽകിയ വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ് തുക

ഗുണഭോക്താവിന് നൽകിയിരിക്കുന്നത്. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.കൈ നം 11/2022 /തസ്വഭവ തീ. 28.5.22) പ്രകാരം വീട് വാസയോഗ്യമാക്കൽ പ്രോജക്ടിന് ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി. ഓവർസിയർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 10/23) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-25 സമഗ്ര നെൽകൃഷി വികസനം - കൃഷി നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

സമഗ്ര നെൽകൃഷി വികസനം – കൃഷി നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല – 2,40,800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രോജക്റ്റ് നം. | അടങ്കൽ | ചെലവ് തുക |
|---|---|---|
| 99/23 | 2,50,000/-രൂപ (വികസനഫണ്ട്-ജനറൽ)<br>12,000/-രൂപ (നേരിട്ടുള്ള ചെലവ്) | 240800/-രൂപ (വികസനഫണ്ട്-ജനറൽ)<br>ബിൽ നം 4/28.3.23 |

2022-23 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം ഒരു ഹെക്ടർ നെൽകൃഷി ചെയ്യുന്നതിന് 25,000/- രൂപയാണ് സബ്സിഡി നൽകുന്നത്. ആയതിന് വിത്ത്, ജൈവവളം, പൂട്ടുകൂലി എന്നിവയുടെ വൗച്ചർ/ഇൻവോയ്സ് കർഷകൻ ഹാജരാക്കണം. ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി 50 ഗുണഭോക്താക്കൾക്ക് കൃഷി ചെയ്യുന്നതിനായി 2,40,800/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ വിത്ത്, ജൈവവളം, പൂട്ടുകൂലി എന്നിവയ്ക്കായി ചെലവഴിച്ച തുകയുടെ വൗച്ചർ/ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമല്ല. ആയതിനാൽ ഈയിനത്തിൽ ചെലവ് ചെയ്ത 2,40,800/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്ന മുറയ്ക്ക്തടസ്സം ഒഴിവാക്കുന്നതാണ്.
എൻക്വയറി നം. 5/23 തീ 27.07.2023
തടസ്സപ്പെടുത്തിയ തുക – 2,40,800/-രൂപ

## 1-26 റിടെൻഷൻ തുക തനത് ഫണ്ടിലേയ്ക്ക് മാറ്റിയില്ല, നികുതികളും അടവാക്കിയിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ ടേക്ക് എ ബ്രേക്ക് എന്ന പ്രോജക്ടിൽ (പ്രോജക്റ്റ് നമ്പർ എസ്.ഒ.ഒ. 30/2023) 3-ാം ഭാഗിക ബിൽ പ്രകാരമുള്ള ആകെ തുകയായ 5,76,830/-രൂപ (ചെക്ക് നമ്പർ 341628 തീയതി. 11.11.2022 എസ്.ബി.ഐ. ഇ-പേയ്മെന്റ്) യിൽ നിന്നും 31,780/-രൂപ റീടെഷൻ ഇനത്തിലും സി.ജി.എസ്.ടി./എസ്.ജി.എസ്.ടി. ഇനത്തിൽ 10,476/-രൂപയും നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഇനത്തിൽ 5,238/- രൂപയും ആദായനികുതി ഇനത്തിൽ 5,238/-രൂപയും കഴിച്ച് 5,24,098/-രൂപയാണ് കരാറുകാരന് നല്കാൻ ഉള്ളത്. അസി. എഞ്ചിനീയറുടെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ കരാറുകാരനുള്ള തുക മാത്രമാണ് നല്കിയിട്ടുള്ളത്. മറ്റ് നികുതികളും റീടെൻഷൻ തുകയും അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. റീടെൻഷൻ തുക സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനും നികുതി ഇനത്തിൽ അടയ്ക്കാനുള്ള തുക അടയ്ക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നമ്പർ 11/2022-23 തീയതി. 31.07.2023

## 1-27 അനുവദിച്ച തുകകളുടെ കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ പ്രോജക്ടുകൾക്കായി അനുവദിച്ച തുകകളുടെ കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം., പേര് | ഫണ്ട് ഇനം | വൗച്ചർ നം., ബിൽ നം. | തുക ₹ | കുറിപ്പുകൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 122/23- ഐ.കെ.എം. ന് തുക അനുവദിക്കൽ | വികസന ഫണ്ട-ജന. | 12/22-23/ 31.10.23 | 67,010/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 2 | 117/23 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | സി.എഫ്.സി. | XVFCP/53 /31.03.23 XVFCP/26 /04.02.23 | 28,294/- | ,, |
| 3 | 205/23 വെള്ളക്കര കുടിശിക | സി.എഫ്.സി. | XVFCP/27 /06.02.23 | 8,39,000/- | തുകയുടെ കൈപ്പറ്റ് വിവരം ഇല്ല |
| 4 | 100/23-സപ്ലൈകോ യ്ക്ക് അനുബന്ധ സൗകര്യങ്ങൾ | സി.എഫ്.സി. | XVFCP/44 /24.03.23 | 1,00,000/- | തുകയുടെ കൈപ്പറ്റ് വിവരം ഇല്ല, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 4/2022-23, 27.07.2023) രേഖകൾ ലഭ്യമാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഘടക സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്ക് തുക അനുവദിക്കൽ എന്ന പ്രോജക്ട് (നം.142/23) പ്രകാരം ഹെഡ് മാസ്റ്റർ പേർക്ക് ₹25,000/-രൂപ (ബിൽ നം. 11/26.10.22) മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അഡ്വാൻസായി അനുവദിച്ചിരുന്നു. തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ലെങ്കിലും സർക്കാരിലേക്ക് തിരികെ ഒടുക്കിയിട്ടില്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 4/2022-23, 27.07.2023 ) വിനിയോഗിക്കാത്ത തുക തിരികെ ഒടുക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയട്ടുള്ളത്. തുക സർക്കാരിലേക്ക് തിരികെ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കാത്തതിനാൽ ആകെ 10,59,304/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക – 10,59,304/-രൂപ

## 1-28 കേരള വാട്ടർ അതോറിറ്റിയിൽ അധികമായി നിക്ഷേപിച്ച തുക തിരികെ ലഭ്യമാക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രിക B-18 പരിശോധിച്ചതിൽ കേരള വാട്ടർ അതോറിറ്റിയിൽ മുൻ വർഷം നിക്ഷേപിച്ച തുക വിനിയോഗ സാക്ഷ്യപത്രത്തിന്റെയടിസ്ഥാനത്തിൽ അഡ്ജസ്റ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. അഡ്ജസ്റ്റ് ചെയ്യാതെ ബാക്കി നില്ക്കുന്ന തുകയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5/2022-23, 27.07.2023) 2020-21 സാമ്പത്തിക വർഷത്തിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷനായുള്ള വിവിധ പ്രവൃത്തികൾക്കായി പ്രോജക്ട് നം. 122 പ്രകാരം ആകെ നിക്ഷേപിച്ച തുകയിൽ (₹33,71,800/-) ₹5,02,063/-, ₹2,14,995/- എന്നീ തുകകൾ വിനിയോഗിച്ചിട്ടില്ലായെന്നും ആയത് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രസ്തുത പ്രോജക്ടിനായി ഏത് ഫണ്ടാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

പ്രോജക്ടിനായി വിനിയോഗിക്കാതെ കേരള വാട്ടർ അതോറിറ്റിയിൽ അധികമായി നിക്ഷേപിച്ചിട്ടുള്ള തുക തിരികെ ലഭ്യമാക്കേണ്ടതും മുൻവർഷത്തെ വികസന ഫണ്ട് ഇനത്തിൽ സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതുമാണ്.

## 1-29 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ മുൻകൂർ നല്കിയ തുക വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ വാർഷിക കണക്കുകളിൽ ക്രമീകരിച്ചു.

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപ പ്രവൃത്തികൾക്കായി മുൻകൂർ നല്കിയ തുക വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ വാർഷിക കണക്കുകളിൽ ക്രമീകരിച്ചിരിക്കുന്നു. ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിലെ ഹെഡിലെ ₹7,21,946/- ആണ് ക്രമീകരിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചതിനാലാണ് അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ച് എത്ര തുക

വിനിയോഗിച്ചുവെന്നറിയാതെ അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്ത നടപടി ക്രമപ്രകാരമല്ല. അക്കൗണ്ട്സിൽ ബന്ധപ്പെട്ട ഹെഡുകളിൽ ആവശ്യമായ തിരുത്തലുകൾ നടത്തേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 24.07.2023 | കെ.എസ്.എ.കെ.എൽ.എം.പി10/1417/2023 തീയതി 17.08.2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000/- | പ്രോജക്ട് നം. 185- അതിദാരിദ്ര്യ നിർമ്മാർജ്ജനം മരുന്ന് നൽകൽ | 100000/- | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 260000/- | പ്രോജക്ട് നം. 51-ലൈഫ് ഭവന പദ്ധതി | 260000/- | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 433811/- | പ്രോജക്ട് നം. 19 അനുപൂരക പോഷകഹാരം | 433811/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 175000/- | പ്രോജക്ട് നം. 21 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 175000/- | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 55000/- | പ്രോജക്ട് നം. 21 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 55000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 39820/- | പ്രോജക്ട് നം. 138 എല്ലാവർക്കും ബിരുദം | 39820/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1150000/- | പ്രോജക്ട് നം. 49 ലൈഫ് ഭവനപദ്ധതി എസ്.സി.പി. | 1150000/- | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 80000/- | പ്രോജക്ട് നം. 46 ലൈഫ് ഭവനപദ്ധതി എസ്.സി.പി. | 80000/- | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2022-23 | 980000/- | പ്രോജക്ട് നം. 30 ടേക്ക് എ ബ്രേക്ക് | 980000/- | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 700000/- | പ്രോജക്ട് നം .27 സ്മാർട്ട് അംഗൻവാടി നിർമ്മാണം. | 700000/- | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 50000/- | പ്രോജക്ട് നം. 84 പാലിന് സബ്സിഡി എസ്.സി.പി | 50000/- | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 300000/- | പ്രോജക്ട് നം. 82 പാലിന് സബ്സിഡി | 300000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 367629/- | പ്രോജക്ട് നം. 82 പാലിന് സബ്സിഡി | 367629/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| KSEB | Proj No.117 Electric Post Shifting | Cfc Fund-pfms | 28,294/- | 0 | 28,294/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,08,80,000/-രൂപ വരവുണ്ട്. മുൻബാക്കി 8,09,327/-രൂപയടക്കം 1,16,89,327/-രൂപയിൽ 97,45,135/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Life | | 1,08,80,000/- | 1,00,58,455/- | 27,29,639/- | | 1,82,08,816/- |

.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഈ ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്ന് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-11 | 2006-07 | 3 -14(1) | ജനകീയ പാർപ്പിട പദ്ധതി | നടപടി തുടരുന്നു |
| 2002-03 | ഡി.സി.ബി സ്റ്റേറ്റ്മെന്റ് | 2006-07 | 3-11-3 | തൊഴിൽക്കരം സംബന്ധിച്ച് | നടപടി തുടരുന്നു |
| 2002-03 | 3-7 | 2006-07 | 3(11)(8) | പൊതുമരാമത്തു പ്രവർത്തികൾ സംബന്ധിച്ച് | നടപടി തുടരുന്നു |
| ---- | ----- | 2017 – 18 | അനുക്രമണിക അദ്ധ്യായം 6 | പാരിസ്ഥിതിക വിഷയങ്ങൾ – അവലോകനം | നടപടി തുടരുന്നു |
| 2015 -16 | 2-1 | 2016 – 17 | അനുബന്ധം 5 | തൊഴിൽ നികുതി | ----- |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1,27,039.50 | ശ്രീ. അമൃത് എസ്. വിഷ്ണു, മെഡിക്കൽ ഓഫീസർ |
| 1-21 | 11,20,000/- | ശ്രീ. ശിഖിൽരാജ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-25 | 2,40,800/- | ശ്രീ. ശ്രീജിത്ത് എസ്, കൃഷിഓഫീസർ |
| 1-27 | 10,59,304/- | ശ്രീമതി. സീമ കെ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സ ത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സീമ കെ. | സെക്രട്ടറി,<br>പടി. കല്ലട ഗ്രാമപ്പഞ്ചായത്ത് | പരപ്പാടിയിൽ ഹൗസ്,<br>പുതുക്കാട് പി.ഒ, ചവറ |
| ശ്രീ.ശ്രീജിത്ത് എസ്. | കൃഷിഓഫീസർ,<br>പടി.കല്ലട ഗ്രാമപ്പഞ്ചായത്ത് | ശ്രീഭവൻ, ഇടക്കുളങ്ങര<br>കരുനാഗപ്പള്ളി |
| ശ്രീ.ശിഖിൽരാജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | തൊടിയിൽവീട്<br>കൈതക്കോട് പി.ഒ. |

| | | |
|---|---|---|
| ശ്രീ. അമൃത് എസ്. വിഷ്ണു | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | കളീക്കൽ, പനപ്പെട്ടി, പോരുവഴി പി.ഒ. |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ഖണ്ഡികകളുടെ അവശേഷിക്കുന്ന എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18 തീയതി.3.04.2018 | 4 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18 തീയതി.3.04.2018 | 1 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18 തീയതി.3.04.2018 | 5 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18 തീയതി.3.04.2018 | 7 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18 തീയതി.3.04.2018 | 6 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18 തീയതി.3.04.2018 | 14 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം./പി.8/717(1)/19 തീയതി.29.5.19 | 5 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം./പി.8/717(2)/19 തീയതി.29.5.19 | 7 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം./പി.8/717(3)/19 തീയതി.29.5.19 | 3 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം./പി.8/717(4)/19 തീയതി.29.5.19 | 1 |
| 2010-11 & 2011-12 | കെ.എസ്.എ.കെ.എൽ.എം./പി.10/അദാലത്ത് 2010-11, 2011-12/96/22 തീയതി.22.8.2022 | 4 |
| 2012-13 & 2013-14 | കെ.എസ്.എ.- കെ.എൽ.എം./പി 10/അദാലത്ത് 2012-13, 2013-14/96/22 തീയതി.22.8.2022 | 10 |
| 2014-15 | കെ.എസ്.എ.- കെ.എൽ.എം./പി 10/അദാലത്ത് 2014-15/96/22 തീയതി.22.8.2022 | 7 |
| 2015-16 | കെ.എസ്.എ.- കെ.എൽ.എം./പി 10/അദാലത്ത് 2015-16/96/22 തീയതി.22.8.2022 | 9 |
| 2016 - 17 | കെ.എസ്.എ.- കെ.എൽ.എം./പി 10/1/18 തീയതി – 2/2/2018 | 17 |
| 2017 - 18 | കെ.എസ്.എ.- കെ.എൽ.എം./പി 10/299/19 തീയതി – 7/5/2019 | 8 |
| 2018 - 19 | കെ.എസ്.എ.- കെ.എൽ.എം./പി 10/430/20 തീയതി – 20/5/2020 | 10 |
| 2019 - 20 | കെ.എസ്.എ.- കെ.എൽ.എം./പി 10/1022/22 തീയതി – 06/5/2022 | |
| 2020 - 21 | കെ.എസ്.എ.- കെ.എൽ.എം./പി 10/11/22 തീയതി – 16/7/2022 | |
| 2021 - 22 | കെ.എസ്.എ.- കെ.എൽ.എം./പി 10/1846/22 തീയതി – 22/3/2023 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 30-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the West Kallada Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of West Kallada Grama Panchayat for the year 2022-2023

Date: 04/09/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of West Kallada Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1) The following mandatory financial statements prescribed in accounting rules are not submitted for audit :-

Ratios & Notes.

2) Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3) Demand register does not match with Financial statements

4) The following registers are not maintained/does not match with accounts/not reliable for audit :-

Advance Received Register (Liability), Advance/Loan Register (Asset).

5) Lapses in making timely and accurate demand entries in respect of tax and non tax revenue.

6) Lack of authenticated journal vouchers for supporting the adjustment entries.

7) The demand registers are not periodically reconciled with accounts.

8) Payment voucher misclassification.

9) The treasury bills not passed in treasury were not excluded from Web Sankhya ACR.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.